# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

13.02.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2372

## സഹകരണ സംഘങ്ങളിൽ നിന്ന് എടുത്ത വായ്പയ്ക്ക് ഇളവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം മരണമടയുന്നവരുടെ വായ്പ ഇളവ് ചെയ്യുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം മരണമടയുന്നവരുടെ വായ്പ തുകയിൽ ഒരു നിശ്ചിത പരിധിവരെയുള്ള തുക എഴുതിത്തള്ളുന്നതിനായി റിസ്ക് ഫണ്ട് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളുന്നത് മുഖേന വായ്പക്കാരുടെ അനന്തരാവകാശികൾക്ക് ആശ്വാസം നൽകുക എന്നതാണ് റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. 30.03.2012 ലെ സ.ഉ (കൈ) നം. 42/2012 സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ടവരുടെ വായ്പകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്ത ശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാദ്ധ്യതകൾ തീരാതെ വരുന്ന വായ്പകൾക്ക് കൂടി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ഇളവുകളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദമാക്കാമോ; | (സി) | വായ്പ എടുത്ത ശേഷം മരണമടയുന്നവരുടെ വായ്പ തുകയിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതാണ്. മേൽ പരാമർശിച്ച മാരക രോഗം ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന കേരള സഹകരണ ക്ഷേമ നിധി ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുള്ള അപേക്ഷകർക്ക് ആനുകൂല്യം നൽകാൻ കേരള സഹകരണ വികസന ക്ഷേമ നിധിബോർഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ